

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1088/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/07/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
2.ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കണ്ണൂർ (ഇ മെയിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1088/25 തീയ്യതി: 05/07/2025

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2024 മുതൽ 22-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രമ രാജൻ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	23-06-2025	27-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-06-2025	27-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേശൻ. പി.വി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.റീന പിട്ടൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി.ശ്രീജ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി.ജിജില.ടി,ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ആർ. ഷീല	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. സുരേഷ്. എൻ, ജോയിന്റ് ബി.ഡി.ഒ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	12-05-2024
ശ്രീമതി. മുന്ന പി സദാനന്ദ്	സെക്രട്ടറി	13-05-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ലജിത. വി.എ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ. രാജീവൻ. ടി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ. അലൻ. ജി	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പാട്യം	01-04-2024	31-03-2025
ഡോ. മഞ്ജുള. കെ.പി	മെഡിക്കൽ ഓഫീസർ, മദർ പി.എച്ച്.സി, ചിറ്റാരിപ്പറമ്പ്	01-04-2024	31-03-2025
ശ്രീമതി. ഷീന	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2024	31-03-2025
ശ്രീമതി. ലക്ഷ്മി കേളോത്ത്	ശിശു വികസന പദ്ധതി ഓഫീസർ	01-04-2024	31-05-2024
ശ്രീമതി. ഷെർളി.ടി.വി	ശിശു വികസന പദ്ധതി ഓഫീസർ	01-06-2024	31-03-2025
ശ്രീമതി. പ്രീത. പി.എം	ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ)	01-04-2024	31-03-2025
ശ്രീമതി. ഗിരിജ. പി.വി	പട്ടികവർഗ്ഗ വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ. ജയൻ. എം.വി	ക്ഷീര വികസന ഓഫീസർ	01-04-2024	29-05-2024
ശ്രീ. സിദ്ധാർഥ് വിജയ്	ക്ഷീര വികസന ഓഫീസർ	30-05-2024	30-12-2024
ശ്രീ. മുഹമ്മദ് അർഷദ്	ക്ഷീര വികസന ഓഫീസർ	31-12-2024	31-03-2025
ശ്രീ. വിനോദ് കുമാർ	വ്യവസായ വികസന ഓഫീസർ	01-04-2024	14-08-2024
ശ്രീ. രാജേഷ്.പി. ടി	വ്യവസായ വികസന ഓഫീസർ	15-08-2024	31-08-2024
ശ്രീ. ഷൈജു.പി	വ്യവസായ വികസന ഓഫീസർ	01-09-2024	06-03-2025
ശ്രീ. ഷാജി.പി.വി	വ്യവസായ വികസന ഓഫീസർ	07-03-2025	27-03-2025
ശ്രീ. ഷൈജു.പി	വ്യവസായ വികസന ഓഫീസർ	28-03-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-1
3	ബാലൻസ് ഷീറ്റിൽ ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല	1-1-2
4	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-3
5	ആസ്തി രജിസ്റ്റർ -കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-4
6	അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-5
7	ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
10	ഫണ്ട് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	ക്യാഷ് പരിശോധന	1-6
13	കമ്മിറ്റികളുടെ പ്രവർത്തനം	1-7
14	ആഭ്യന്തര നിയന്ത്രണം	1-8
15	ബ്ലോക്ക് പഞ്ചായത്ത് വാടക കെട്ടിടങ്ങൾ - അപാകങ്ങൾ	1-9
16	ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം - രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-10
17	കുത്തുപറമ്പ് ഐ സി ഡി എസ് ഓഫീസിന് കമ്പ്യൂട്ടർ, ഫർണിച്ചർ വാങ്ങൽ അപാകം	1-11
18	ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹43677 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-12
19	പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെയും പരിപാലനവും ചുമതലകളും ഒരേ സമയം നിർവ്വഹിച്ചു വരുന്നത് സംബന്ധിച്ച്	1-13
20	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച്ച	1-14
21	സ്റ്റോക്ക് പരിപാലനം കാര്യക്ഷമമല്ല - ₹49701 തടസ്സപ്പെടുത്തുന്നു	1-15
22	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും	1-16
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	RECEIPT & PAYMENT STATEMENT
4	INCOME & EXPENDITURE STATEMENT
5	BALANCE SHEET

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 29-5-2025 ലെ 1/2 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 31-05-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

തീയതി: 05.07.2025

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

1–1–1 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ, ബി-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല, വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	ബി-4 ഷെഡ്യൂൾ നീക്കിയിരിപ്പ്	ബി-17 ഷെഡ്യൂൾ നീക്കിയിരിപ്പ്	റിമാർക്സ്
ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	18408678	18,418,193	₹9515 രൂപ ഫൈനൽ ബിൽ ഡിഡക്ഷൻ 2025- 26 വർഷമാണ് ബാങ്കിൽ കുറവ് വന്നിട്ടുള്ളത്

TSC	1117928	1,857,174	TSC യുമായി ബന്ധപ്പെട്ട അക്കൗണ്ടിൽ നിർമ്മൽ പുരസ്കാർ , ശുചിത്വമിഷൻ ഗ്രാന്റ് തുടങ്ങിയവ ഉൾപ്പെട്ടതിനാലാണ് വ്യത്യാസം വന്നിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.
SGSY	19269	0.01	യഥാർത്ഥത്തിൽ SIGN അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 19269 രൂപ പലിശയിനത്തിലുള്ള 1170 രൂപയുൾപ്പടെ 20439 രൂപ ബി 17 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബി 4 ൽ SGSY യുമായി ബന്ധപ്പെട്ട ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്
IAY	ഉൾപ്പെടുത്തിയില്ല	25047	--

IAY അക്കൗണ്ടിൽ ബി-17 പ്രകാരമുള്ള 25047/- രൂപ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1-1-2 ബാലൻസ് ഷീറ്റിൽ ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹15337484 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹15977090 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-4 ആസ്തി രജിസ്റ്റർ -കാലികമാക്കി സൂക്ഷിച്ചിട്ടില്ല

B-11 Fixed Assets ഷെഡ്യൂളിലെ കൃത്യത പരിശോധിക്കുന്നതിന് കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-5 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ (ചട്ടം 62 E) എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

3. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണമായ രൂപത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ബാലൻസ് ഷീറ്റ്, റസീറ്റ് ആന്റ് പേമെന്റ് എന്നിവയിലെ തുകകൾ ഇപ്രകാരം പൂർണ്ണരൂപത്തിൽ എഴുതിയിട്ടില്ല.

1-1-6 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

തൻവർഷത്തെ ആസ്തികൾക്ക് Depreciation രേഖപ്പെടുത്തിയിട്ടുള്ള ഷെഡ്യൂളിന്റെ(B-11) ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-2 ബജറ്റ്

കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 09.02.2024 തീയതിയിലെ 1(1)/2023-24 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 19.03.2025ലെ 1(1)/2024-25 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	18780619	20023536
വരവ്	445380500	392722596
ആകെ	464161119	412746132
ചെലവ്	462645500	398326132
നീക്കിയിരിപ്പ്	1515619	14420000

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	1,19,95,316.01
വരവ്	9,13,72,620.00
ആകെ	10,33,67,936.01
ചെലവ്	7,60,35,136.00
നീക്കിയിരിപ്പ്	2,73,32,800.01
വരവിനങ്ങളിലെ നഷ്ടം	0
ചെലവിനങ്ങളിലെ നഷ്ടം	0
തടസ്സപ്പെടുത്തിയ തുക	93378

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് ലഭിച്ചത്	ആകെ	ചെലവ്	
വികസന ഫണ്ട് ജനറൽ	0	27965800	27965800	27463254	502546
വികസന ഫണ്ട് എസ്.സി.പി	0	1907200	1907200	1860000	47200
വികസന ഫണ്ട് ടി.എസ്.പി	0	1939000	1939000	1866325	72675
മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	3286000	3286000	3282924	3076
സെൻട്രൽ ഫിനാൻസ് കമ്മീഷൻ (ടൈഡ് ഗ്രാന്റ് (ACR പ്രകാരം)	6984767	10481500+ 1365185 11846685	18831452	2260701	16570751
സെൻട്രൽ ഫിനാൻസ് കമ്മീഷൻ (അൺടൈഡ് ഗ്രാന്റ് (ACR പ്രകാരം)	925183	5258675+ 33941 5292616	6217799	4379870	1837929
SIGN	19,269	1170	20439	0	20439
ടിഎസ് സി	11,17,928	0	11,17,928	0	11,17,928
പൈക്ക	11000	0	11000	0	11000

ശുചിത്വ മിഷൻ ഗ്രാന്റ്	16,770	0	16,770	0	16,770
നിർമ്മൽ പുരസ്കാർ	632807	0	632807	0	632807
കില പരിശീലനം	500	571,103	571603	384355	187248
ഹെൽത്ത് ഗ്രാന്റ്	1247032	4259735	5506767	317782	5188985
MPLAD ഫണ്ട്	0	2,332,938	2,332,938	2,332,938	0

വികസന ഫണ്ട് ജനറൽ :കാപ്പിറ്റൽ കോൺടിബ്യൂഷനിലേക്ക് വരവ് വന്നിട്ടുള്ള ₹48565 ഉൾപ്പെടാതെയാണ് I-6 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്

സെൻടൽ ഫിനാൻസ് കമ്മീഷൻ :9515 രൂപയുടെ ചെലവ് ബാങ്ക്പാസ് ബുക്ക് പ്രകാരം വന്നിട്ടുള്ളത് 25-26 സാമ്പത്തിക വർഷമാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
122	109511842	88	48050684	30	34	58	47.54

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
ശിശു വികസന പദ്ധതി ഓഫീസർ	6	6	2611696	2354280	90.14
ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ)	8	8	2544941	2523545	99.16
സെക്രട്ടറി	44	27	47681384	16471396	34.54
ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ	4	4	907500	808025	89.04
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	8	6	5303326	2578035	48.61
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	6	6	3440000	2719999	79.07
കൃഷി അസിസ്റ്റന്റ് ഡയറക്ടർ	5	5	3616400	1960000	54.20

ക്ഷീര വികസന ഓഫീസർ	5	4	7240000	4107210	56.73
വ്യവസായ വികസന ഓഫീസർ	2	1	2400000	200000	8.33
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	4	2	8141382	278201	3.42
അസിസ്റ്റന്റ് എഞ്ചിനീയർ	30	19	25625213	14049993	54.83
	122	88	109511842	48050684	43.88

1–6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2025 തീയതിയിൽ 2.20 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

1–7 കമ്മിറ്റികളുടെ പ്രവർത്തനം

2024-25 വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി 23.12.2023ന് വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി ചേർന്നിട്ടുണ്ട്. യോഗത്തിൽ 121 പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും മിനുട്സിൽ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡണ്ടുമാർ, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർമാർ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെ ആകെ 90 പേർ 03.01.2024-ന് യോഗത്തിൽ ചേർന്നു. വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ പ്രതിനിധീകരിച്ച് വർക്കിംഗ് ഗ്രൂപ്പുകളിൽ ഉരുത്തിരിഞ്ഞ് വന്ന ആശയങ്ങളും നിർദ്ദേശങ്ങളും യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. 12.01.2024 തീയ്യതിയിൽ നടന്ന വികസന സെമിനാറിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും നല്ല രീതിയിലുള്ള പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ എല്ലാമാസവും യോഗം ചേരുകയും മിനുട്സുകൾ തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങലുകളിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ചേരുമ്പോൾ തീരുമാനങ്ങൾ കൃത്യമായി മിനിട്സിൽ രേഖപ്പെടുത്തുന്നില്ല എന്ന പോരായ്മ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്.

1–8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ തൃപ്തികരമാണ്. എല്ലാ മാസങ്ങളിലും മിക്കവാറും എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തി ഓഫീസ് യോഗം ചേരുകയും വിവിധ പദ്ധതികളുടെ പുരോഗതിയും സ്ഥിതിവിവരങ്ങളും ദൈനംദിന ഓഫീസ് പ്രവർത്തനങ്ങളും അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. രേഖകളും റജിസ്റ്ററുകളും അനുബന്ധ ഫയലുകളും മെച്ചപ്പെട്ട രീതിയിൽ സൂക്ഷിച്ചുവരുന്നു. ഓഡിറ്റിനായി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള വാർഷിക ധനകാര്യ പത്രികയിൽ വന്ന ന്യൂനതകൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. മുൻ കാല ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങളും മറ്റ് പരാമർശങ്ങളും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

1–9 ബ്ലോക്ക് പഞ്ചായത്ത് വാടക കെട്ടിടങ്ങൾ – അപാകങ്ങൾ

ബ്ലോക്ക്പഞ്ചായത്തിലെ 2024-25 വർഷത്തെ കെട്ടിട വാടക വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1)വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 വർഷം താഴെ പറയും പ്രകാരം വാടക ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്.

ക്രമ നമ്പർ	വാടകക്കാരന്റെ പേര്, റൂം നമ്പർ	പ്രതിമാസ വാടക (₹)	2024-25 വർഷം അടവാക്കിയത്	വാടക കുടിശ്ശിക(₹)
1	നസീർ.എൻ.പി (17/217 A)	18195	(18195x10) – 32 = 181918 (04/2024 – 01/2025 – അടവാക്കിയതിൽ	(18195 x 2) + 32 = 36422

			₹32 കുറവ്)	

2) തൻവർഷം വാടകയ്ക്ക് നൽകിയിട്ടുള്ള 6 കെട്ടിട മുറികളിലെ വാടകക്കാരുമായുള്ള കരാർ ഉടമ്പടി പരിശോധിച്ചതിൽ അതാത് മാസത്തെ വാടക മുൻകൂറായി അടക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻകൂറായി വാടക ഒടുക്കേണ്ട തീയതി, പിഴപ്പലിശ എന്നിവ സംബന്ധിച്ച വിവരം കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് 5/26.06.2025 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി, വാടക ഇനത്തിലെ കുടിശ്ശിക തുക ₹36422 അടവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, വാടക മുൻകൂറായി ഒടുക്കേണ്ട തീയതി, പിഴപ്പലിശ എന്നിവ കൂടി ഉൾപ്പെടുത്തി കരാർ ഉടമ്പടിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണെന്നും, ഭരണസമിതി തീരുമാനം കൈക്കൊള്ളുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1–10 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം – രേഖകൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ
പ്രൊജക്ട് നം., പേര്	20/25- ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം
അടങ്കൽ	₹3,30,000-വികസനഫണ്ട്-പൊതുവിഭാഗം
ചെലവ്	₹3,15,000 (₹210000 292/20.03.2025, ₹105000 296/21.03.2025)

ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എയ്സ് മോട്ടോർസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 3,15,000 രൂപ ചെലവഴിച്ച് സൈഡ് വീലോട് കൂടിയ 3 സ്കൂട്ടർ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/എൽ.എസ്.ജി.ഡി തീയതി 28.05.2022, ഖ.7.1.2.എ(6) പ്രകാരം 8 വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം നൽകാവുന്നതല്ല.
ആനുകൂല്യം അനുവദിച്ചിട്ടുള്ള ശ്രീ.സുബൈർ.എം എന്നവർ കോട്ടയം ഗ്രാമപഞ്ചായത്തിലെ താമസക്കാരനാണെന്നും, കോട്ടയം ഗ്രാമപഞ്ചായത്തിൽ നിന്നും മുച്ചക്ര വാഹന ധനസഹായം അനുവദിച്ചിട്ടില്ലെന്നുമുള്ള കോട്ടയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ലഭ്യമാക്കിയ റേഷൻകാർഡ് പകർപ്പ് പ്രകാരം ഗുണഭോക്താവ് എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ താമസക്കാരനാണ്. സുബൈർ.എം എന്നവർക്ക് എരഞ്ഞോളി ഗ്രാമപഞ്ചായത്ത് മുഖേന ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (10/26.06.2025) നൽകിയതിന് മറുപടിയായി എരഞ്ഞോളി പഞ്ചായത്തിൽ നിന്നും 8 വർഷത്തിനിടെ മുച്ചക്രവാഹനം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം സമർപ്പിക്കുന്നതിനായി ഗുണഭോക്താവിന് നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഗുണഭോക്താവിന് 8 വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ചിട്ടില്ല എന്നത് ഉറപ്പുവരുത്തിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1–11 കുത്തുപറമ്പ് ഐ സി ഡി എസ് ഓഫീസിന് കമ്പ്യൂട്ടർ, ഫർണിച്ചർ വാങ്ങൽ അപാകം

നിർവ്വഹണ ഉദ്യോഗസ്ഥൻ	ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ
പ്രൊജക്ട് നം., പേര്	22/25- കുത്തുപറമ്പ് ഐ സി ഡി എസ് ഓഫീസിന് കമ്പ്യൂട്ടർ, ഫർണിച്ചർ വാങ്ങൽ
അടങ്കൽ	₹1,00,000-മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവ്	₹68,995

കുത്തുപറമ്പ് ഐ സി ഡി എസ് ഓഫീസിന് കമ്പ്യൂട്ടർ, ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്വട്ടേഷൻ മുഖേന I DREAMS Computer Solutions എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം.103/12.12.2024 പ്രകാരം 39,499 രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങാവൂ എന്ന് ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യ (ഐ.ടി സെൽ)വകുപ്പിന്റെ 18.03.2019 തീയതിയിലെ ഐ.ടി.സെൽ-1/26/2019 നമ്പർ സർക്കുലർ പ്രകാരം ഉത്തരവാക്കിയിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾക്കുള്ള ലാപ്ടോപ്പ്, കമ്പ്യൂട്ടർ, അനുബന്ധ സാമഗ്രികൾ GEM വഴി വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ട് സ.ഉ.(സാധാ)നം.482/2022/എൽ.എസ്.ജി.ഡി തീയതി 28.02.2022 പ്രകാരവും ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെയാണ് മേൽ പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ ഐ.ടി ഉപകരണങ്ങളുടെ വാങ്ങൽ നടപടിക്രമങ്ങളിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1–12 ഐ.കെ.എം വിഹിതം നൽകൽ–വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹43677 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ / പേര്	9/25 ഐ.കെ.എം വിഹിതം നൽകൽ
അടങ്കൽ	₹43677 വികസന ഫണ്ട് – പൊതുവിഭാഗം
ചെലവ്	₹43677 ബിൽ നമ്പർ : 34/9-07-2024

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹43677 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 7/26-6-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്താൽ ₹43677 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–13 പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെയും പരിപാലനവും ചുമതലകളും ഒരേ സമയം നിർവ്വഹിച്ചു വരുന്നത് സംബന്ധിച്ച്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 172 ൽ ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും എന്തൊക്കെയെന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്. സെക്ഷൻ 172(1) പ്രകാരം നാലാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിന്റെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ബ്ലോക്ക് പഞ്ചായത്തിന്റെ കർത്തവ്യം ആയിരിക്കുന്നതാണ്. നാലാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ പരിപാലനത്തിനും സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. പൊതുജനാരോഗ്യവും ശുചീകരണവും എന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിത്സ സമ്പ്രദായങ്ങളിലുമുള്ള സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നതാണ് നാലാം പട്ടികപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടിട്ടുള്ളത്.

അതുപോലെതന്നെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 ൽ ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർവചിക്കപ്പെട്ടിട്ടുണ്ട്. സെക്ഷൻ 166(1) ലെ മൂന്നാം പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും പരിപാലനം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയും ഉത്തരവാദിത്വവുമാണ്.

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെയും ചുമതലകൾ ഒരേസമയം നിർവഹിച്ചുവരികയാണ് ചെയ്തുവരുന്നത്. ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായും പാട്യം സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായും 2024-25 വർഷം പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. മാത്രവുമല്ല ചിറ്റാരിപ്പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവഹണ ചുമതലയും വഹിക്കുന്നുമുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഒരേസമയം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെയും പരിപാലനവും ചുമതലകളും നിർവഹിച്ചു വരുന്നതിന്റെ നിയമസാധുത വ്യക്തമാക്കപ്പെട്ടിട്ടില്ല. ഇപ്രകാരം രണ്ടു തലങ്ങളിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പരിപാലനം ഒരേസമയം നേരിട്ട് നടത്തിവരുന്നത് സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഉത്തരവുകളോ മറ്റ് നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/26.06.25) ലഭ്യമാക്കിയ മറുപടിക്കൊപ്പം ഉത്തരവുകളോ മറ്റ് നിർദ്ദേശങ്ങൾ ഉള്ളതായ രേഖകളോ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തമായ ഉത്തരവുകളോ മറ്റ് നിർദ്ദേശങ്ങളോ ഇല്ലാത്ത പക്ഷം മേൽ ആരോഗ്യ കേന്ദ്രങ്ങളുടെ തുടർന്നുള്ള പരിപാലനം പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നിർവ്വഹിക്കുവാൻ തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഇക്കാര്യ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

1–14 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം – വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച

2024- 25 വർഷം അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന പോരായ്മകൾ സംഭവിച്ചിട്ടുണ്ട്.

1. കേരള പിഡബ്ല്യുഡി മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിതമാർഗ്ഗേനയുള്ള അപേക്ഷയിൽ പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനം മാത്രമാണ്. എന്നാൽ ഏതാനും പ്രവൃത്തികൾക്ക് അനുവദനീയമായ സമയത്തിൽ കൂടുതൽ സമയം അനുവദിച്ചു.

2. കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കാരാറുകാരൻ അസിസ്റ്റന്റ് എൻജിനീയർ മുഖേന കാലാവധി തീരുന്നതിനു മുമ്പായി നൽകേണ്ടതാണ്.എന്നാൽ സാങ്കേതികമായ കാരണങ്ങൾ പറഞ്ഞ് പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ നൽകിയ അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തുന്നില്ല.

3. പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് അസി.എഞ്ചിനിയർ രേഖാമൂലം ഉത്തരവാകുന്നില്ല.

4. അസി.എഞ്ചിനിയർ ദീർഘീകരണം അനുവദിച്ച നടപടി അംഗീകാരത്തിനായി ഭരണസമിതിക്ക് സമർപ്പിച്ചതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

5. പിഴ കൂടാതെ പ്രവൃത്തിക്ക് ദീർഘീകരണം അനുവദിച്ച നടപടിക്ക് പഞ്ചായത്ത് സാധൂകരണം നൽകുന്നത് പ്രവൃത്തി പൂർത്തീകരിച്ച് മാസങ്ങൾ കഴിഞ്ഞാണ്.

പ്രവൃത്തി പൂർത്തീകരണത്തിന് ദീർഘീകരണം അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

	പ്രൊജക്ട് നം. പേര്	അടങ്കൽ തുക	കരാറുകാരൻ	കരാർ തീയ്യതി	പൂർത്തീകരിക്കേണ്ട തീയ്യതി	പൂർത്തീകരിച്ച തീയ്യതി	ഭരണസമിതി സാധൂകരിച്ച തീയ്യതി/ നം.
1	106/25 നെല്ലിയുള്ളതിൽ പീടിക ജാതിക്കുട്ടം റോഡ്	1000000	ഭ്രപാനന്ദൻ	04.01.2024	05.07.2024	30.12.2024	30.04.2025 5(11)
2	91/25 മുക്കിൽ പീടിക വിജ്ഞാനോദയം റോഡ് റീ ടാറിംഗ്	1000000	വിജിൽ	09.01.2024	08.07.2024	16.11.2024	30.04.2025 5(6)
3	110/25 മഞ്ഞക്കാഞ്ഞിരം -നവോദയ റോഡ് ടാറിംഗ്	1000000	രാജൻ	05.03.2024	05.09.2024	23.12.2024	30.04.2025 5(8)

കേരള പിഡബ്ല്യുഡി മാന്വലിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാത്രം മരാമത്ത് പ്രവൃത്തികൾക്ക് ദീർഘീകരണം അനുവദിക്കേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്..ഇക്കാര്യം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1–15 സ്റ്റോക്ക് പരിപാലനം കാര്യക്ഷമമല്ല – ₹49701 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ
പ്രോജക്ട് നമ്പർ, പേര്	57/25, ഓഫീസ് ദൈനം ദിന ചെലവുകൾ
അടങ്കൽ	₹50000 – തനത് ഫണ്ട്

ആകെ ചെലവ് തുക	₹49701
ബിൽ നം, തുക	1) 48/01.08.2024 - 23746/- 2) 302/21.03.2025 ₹25955/-

2024-25 സാമ്പത്തിക വർഷം അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഫീസ് ദൈനം ദിന ചെലവുകൾ നടത്തുന്നതിനായാണ് മേൽ പ്രോജക്ട്. ഓഫീസ് ആവശ്യത്തിനുള്ള A4 പേപ്പറുകൾ, കവറുകൾ, ടോണർ കാട്രിഡ്ജ്, സ്റ്റാമ്പ് പാഡ്, നോട്ടുബുക്കുകൾ, ഫയൽ പാഡുകൾ, പെൻ ഡ്രൈവ്, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയ വിവിധ സാധനങ്ങൾ പല സ്ഥാപനങ്ങളിൽ നിന്നുമായി വാങ്ങിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും സ്റ്റോക്കിലെടുത്തിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് റജിസ്റ്റർ 20.03.2023ന് ശേഷം എഴുതിയിട്ടില്ല.

കൂടാതെ ആദായനികുതി TDS Quarterly Filing സ്വകാര്യ സ്ഥാപനം വഴി ചെയ്തപ്പോൾ File Uploading Charge ന് പുറമെ സ്വകാര്യ സ്ഥാപനം ആവശ്യപ്പെട്ട ഫീസ് കൂടി ഒടുക്കിവരുന്നുണ്ട്. ഉദാഹരണമായി മേൽ ചേർത്ത ബിൽ നം.302/21.03.2025 പ്രകാരം 2023-24,2024-25 വർഷങ്ങളിലെ 4 Quarter കളിലെ തുകയായി ആകെ 3760/-Tax Serene Assignments,തലശ്ശേരി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഹാജരാക്കിയ ബില്ല് പ്രകാരം 4 Quarter കളിലെ Uploading Charge 236/-(59x4) മാത്രമാണ്.

സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ചും TDS Filing സ്വകാര്യ സ്ഥാപനം വഴി ചെയ്ത് മുഴുവൻ തുകയും ക്ലെയിം ചെയ്തത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/25.06.2025) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് റജിസ്റ്റർ എഴുതി പൂർത്തിയാക്കി സമർപ്പിക്കുമെന്നും ആദായനികുതി TDS Quarterly Filing സ്വകാര്യ സ്ഥാപനം വഴി ചെയ്യുന്നത് ഇത് സംബന്ധിച്ച പരിശീലനം ലഭ്യമാകാത്തതുകൊണ്ടാണെന്നുമാണ് അറിയിച്ചത്. ഭാവിയിൽ ആദായനികുതി TDS Quarterly Filing ചെയ്യുമ്പോൾ അനുവദനീയമായ File Uploading Charge ന് മാത്രം പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടതാണ്. അതുപോലെ വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെ വിതരണം ചെയ്യുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്.വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാലും പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കാത്തതിനാലും ചെലവ് തുക ₹49701 തടസ്സപ്പെടുത്തുന്നു.

1-16 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചു വരുന്നു. അതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 15(2)എഫ് സി/XV/FCD/20-25 /16.07.21 ലെ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 2021 മുതൽ 2026 വരെയാണ് ഗ്രാന്റ് ലഭ്യമാവുക.
2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.
6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവ ഗ്രാമപഞ്ചായത്തുകൾക്കും. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം.
സ്കീം 2 പ്രകാരം ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനാരോഗ്യ പ്രവർത്തനത്തിനു ആവശ്യം വേണ്ട വിവര സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, ലാബ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബിലേക്കുള്ള റീയോജന്റ്, കിറ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് തുക അനുവദിക്കുന്നത്. കുത്തുപറമ്പ് ബ്ലോക്ക്പഞ്ചായത്തിൽ സ്കീം 2 പ്രകാരം ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവ് കണക്കുകൾ

വർഷം	ലഭിച്ച തുക	പലിശ	ആകെ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
2021-22	0	0		0	0
2022-23	2757000	39906	2796906	1867656	929250

2023-24	42,17,000	42735	4259735	0	4259735
2024-25	0	0	0	0	0
ആകെ	6974000	82641	7056641	1867656	5188985

2. 2025 മാർച്ച് മാസം വരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പ്രൊജക്ടിന്റെ പേര്, നമ്പർ	ചെലവ് തുക ₹	കുറിപ്പ്
2022-23	1) പാട്യം സി എച്ച് സി മീറ്റിംഗ് ഹാളിന് മൾട്ടിമീഡിയ പ്രൊജക്ടറും സൗണ്ട് സിസ്റ്റവും വിതരണം ചെയ്യലും സ്ഥാപിക്കലും (പ്രൊജക്ട് നം.100/24)	256395	പ്രൊജക്ട് പൂർത്തീകരിച്ചു
	2)പാട്യം സി എച്ച് സി അറ്റകുറ്റപ്പണി-മേൽക്കര ഷീറ്റിടലും അനുബന്ധ പ്രവൃത്തികളും (പ്രൊജക്ട് നം.103/24)	11,17,507	പ്രൊജക്ട് പൂർത്തീകരിച്ചു
	3) പാട്യം സി എച്ച് സിയിൽ കോമ്പോ യു.പി.എസ് വിതരണവും സ്ഥാപിക്കലും (പ്രൊജക്ട് നം.104/24)	64,000	പ്രൊജക്ട് പൂർത്തീകരിച്ചു
	4)പാട്യം സി എച്ച് സിയിൽ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങൽ (പ്രൊജക്ട് നം.105/24)	8391	പ്രൊജക്ട് പൂർത്തീകരിച്ചു
	5) പാട്യം സി എച്ച് സിയിൽ ഐ ഇ സി പ്രിന്റിംഗ് ചെലവുകൾ (പ്രൊജക്ട് നം.106/24)	89651	പ്രൊജക്ട് പൂർത്തീകരിച്ചു
	6) NQAS സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള ട്രെയിനിംഗ് ചെലവുകൾ (പ്രൊജക്ട് നം.107/24)	13930	പ്രൊജക്ട് പൂർത്തീകരിച്ചു
	7) ലാബ് പ്രവർത്തനത്തിന് ആവശ്യമായ സൗകര്യം ഒരുക്കൽ (പ്രൊജക്ട് നം.125/25)	99000	സ്പിൽ ഓവർ പദ്ധതിയായി 2025-26 വർഷത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.
	8) ഐ ഇ സി പ്രിന്റിംഗ് ചെലവുകൾ (പ്രൊജക്ട് നം.126/25)	172454	സ്പിൽ ഓവർ പദ്ധതിയായി 2025-26 വർഷത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.
	9) പാട്യം സാമൂഹ്യകേന്ദ്രത്തിൽ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങൽ (പ്രൊജക്ട് നം.127/25)	46328	സ്പിൽ ഓവർ പദ്ധതിയായി 2025-26 വർഷത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.
	10) ചെറുവാഞ്ചേരി സി എച്ച് സി ഫാർമസിക്ക് അധിക സൗകര്യം ഒരുക്കൽ (പ്രൊജക്ട് നം.128/25)	0	സ്പിൽ ഓവർ പദ്ധതിയായി 2025-26 വർഷത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.
ആകെ		1867656	

3. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

1) മൾട്ടിമീഡിയ പ്രൊജക്ടറും സൗണ്ട് സിസ്റ്റം വിതരണവും സ്ഥാപിക്കലും

2) കോമ്പോ യു പി എസ് വിതരണവും സ്ഥാപിക്കലും

2022-23 വർഷത്തെ ഹെൽത്ത് ഗ്രാന്റ് തുകയായ ₹2757000 ൽ ₹1867656 ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക

സ്പിൽ ഓവർ പദ്ധതിയായി 2025-26 വർഷത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 2023-24 വർഷത്തെ ഹെൽത്ത് ഗ്രാന്റ് തുകയായ ₹4217000 2025 മാർച്ച് മാസമാണ് ലഭ്യമായത്. ₹4217000 യ്ക്ക് വകയിരുത്തിയ പ്രൊജക്ടുകൾക്ക് 2025-26 സാമ്പത്തിക വർഷം അംഗീകാരം ലഭ്യമാക്കി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ സമയബന്ധിതമായ വിനിയോഗം ഉറപ്പു വരുത്തേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	23.06.2025, 24.06.2025	കെ.എസ്.എ/കെ.എൻ.ആർ/സി.10/1088/25 തീയതി: 05.07.2025

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ട് നമ്പർ, പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
കണ്ണൂർ ജില്ലാ പഞ്ചായത്ത്	2024-25	336000	96/25, പി എം എ വൈ ഭവന നിർമ്മാണം,പട്ടിക വർഗ്ഗ വിഭാഗം	336000	0
ഗ്രാമ പഞ്ചായത്ത് (പാട്യം,ചിറ്റാരിപ്പറമ്പ്)	2024-25	770000	32/25, പി എം എ വൈ ഭവന പദ്ധതി-ജനറൽ	770000	0
ഗ്രാമ പഞ്ചായത്ത് (ചിറ്റാരിപ്പറമ്പ്)	2024-25	95000	145/25, പി എം എ വൈ -ടി എസ് പി	95000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ	പ്രവൃത്തിയുടെ പേര്	വൗച്ചർ	മുൻകൂർ	ചെലവഴിച്ച	ചെലവഴിക്കാൻ

ഏജൻസി		നമ്പർ/ ചെക്ക് നം.	നൽകിയ തുക	തുക	ബാക്കിയുള്ള തുക
ട്രഷറി വകുപ്പ്	സെന്റർ നം.23 കരിയാലിച്ചാൽ അംഗൻവാടിക്ക് കുഴൽകിണർ നിർമ്മാണം (പ്രൊജക്ട് നം.97/25)	77/Dated: 11/09/2024	53,000	53,000	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഓഡിറ്റ് വർഷം	ഖണ്ഡിക നമ്പർ	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-03	VII-13 4(ii)	1999-00	33	പാർട്ട് ബിൽ തുക അധികം	പരാമർശം നിലനിൽക്കുന്നു
2002-03	VII-13-4(i)	1999-00	25(2)	ഖാദി നെയ്ത്ത് കേന്ദ്രം നടത്തിപ്പിലെ അപാകങ്ങൾ	പരാമർശം നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹	₹9,13,72,620.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹	₹7,60,35,136.00
വരവിനങ്ങളിലുള്ള നഷ്ടം	₹	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹	₹ 93378

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേര് വിവരം
1-12	₹ 43677	ശ്രീമതി. മുന്ന പി സദാനന്ദ്, സെക്രട്ടറി
1-15	₹ 49701	ശ്രീമതി. ലജിത. വി.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ആകെ	₹ 93378	

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം	ഇപ്പോഴത്തെ ഔദ്യോഗിക വിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. മുന്ന പി സദാനന്ദ്, സെക്രട്ടറി	സെക്രട്ടറി കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്	രാഘവ നിവാസ്, പാട്യം, കൊട്ടയോടി, കണ്ണൂർ
ശ്രീമതി. ലജിത. വി.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്	നിലാവ്, കരക്കാട്ട്, കാഞ്ഞിരോട്, കണ്ണൂർ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-2000	കെ.എസ്.എ/കെ.എൻ.ആർ/സി.10/819/2025 തീയതി 02.06.2025	2
2004-05	കെ.എസ്.എ/കെ.എൻ.ആർ/സി.10/819/2025 തീയതി 02.06.2025	1
2008-09	കെ.എസ്.എ/കെ.എൻ.ആർ/സി.10/819/2025 തീയതി 02.06.2025	2
2010-11, 2011-12, 2012-13	കെ.എസ്.എ/കെ.എൻ.ആർ/സി.10/819/2025 തീയതി 02.06.2025	1
2013-14, 2014-15	കെ.എസ്.എ/കെ.എൻ.ആർ/സി.10/819/2025 തീയതി 02.06.2025	1
2016-17	കെ.എസ്.എ/കെ.എൻ.ആർ/സി.10/819/2025 തീയതി 02.06.2025	1

2017-18	കെ.എസ്.എ/കെ.എൻ.ആർ/സി.10/ 819/2025 തീയതി 02.06.2025	2
2018-19	കെ.എസ്.എ/കെ.എൻ.ആർ/സി.10/ 819/2025 തീയതി 02.06.2025	6
2019-20	കെ.എസ്.എ/കെ.എൻ.ആർ/സി.10/ 819/2025 തീയതി 02.06.2025	5
2020-21	കെ.എസ്.എ/കെ.എൻ.ആർ/സി.10/ 819/2025 തീയതി 02.06.2025	1
2021-22	കെ.എസ്.എ/കെ.എൻ.ആർ/സി.10/ 819/2025 തീയതി 02.06.2025	3
2022-23	കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1764/2023 തീയതി 21.11.2023	18
2023-24	കെ.എസ്.എ/കെ.എൻ.ആർ./സി.10/ 1700/2024 തീയതി 04.01.2025	23

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1/2 dated 29-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kuthuparamba Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kuthuparamba Block Panchayat as on 31-03-2025

Date: 05/07/2025

Senior Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Kuthuparamba Block Panchayat for the Year 2024-2025 .

1.Major Observations

Nil

2.Other Observations

1.Grant liability amounts shown as liability in balance sheet (B-4) does not match with bank account (B-17) opened for the specified grant eg :- finance commission Grant, TSC, SGSY, IAY

2.Closing stock is not shown in balance sheet B-14 schedule

3.Cash Flow statement - Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

4) The asset register is not maintained accurately and up to date.

5).The mandatory Financial Statements such as Ratios, comparative amounts for the preceding year prescribed in 2011 Kerala Panchayat Raj Accounting rules have not been submitted to audit.

6) Calculation Statements related to Depreciation of assets (B-11) not produced for verification

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3-1

RECEIPT & PAYMENT STATEMENT

Kuthuparamba Block Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No.	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	11995316.01
Cash	Cash	RP-40(a)	0.0
	Operating		
130000000	Rental income from Panchayat Properties	RP-3	0.0
140000000	Fees & User Charges	RP-4	35679.00
150000000	Sale & Hire Charges	RP-5	594703.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	45153068.00
171000000	Interest Earned	RP-9	98774.00
320000000	Grants, Funds & Contributions for Specific Purposes	RP-31	22911759.00
350000000	Other Liabilities	RP-36	11193.00
	Non Operating		
180000000	Other Income	RP-10	89.00
340000000	Deposits Received	RP-34	35653.00
350000000	Other Liabilities	RP-36	165754.00
431000000	Sundry Debtors (Receivables)	RP-43	21403711.00
460000000	Loans, Advances and Deposits	RP-47	962237.00
	Grand total		**103367936.01**
	PAYMENTS		

	Operating		
210000000	Establishment Expenses	RP-11	4031489.00
220000000	Administrative Expenses	RP-12	2028638.00
230000000	Operations & Maintenance	RP-13	2398053.00
250000000	Decentralised Plan Programme- Productive Sector	RP-15	6384475.00
251000000	Decentralised Plan Programme- Service Sector	RP-16	20924494.00
252000000	Decentralised Plan Programme-Infrastructure Sector	RP-17	7908360.00
253000000	Decentralised Plan Programme-Projects not included in Sector Division	RP-18	55978.00
255000000	Maintenance Projects	RP-20	5876311.00
260000000	Grants, Contributions and Compensations from Own Fund	RP-22	700000.00
280000000	Prior Period Item/Transfer to Reserve Funds (ILGMS)	RP-26	-4827.00
350000000	Other Liabilities	RP-36	2376038.00
	Non Operating		
240000000	Interest & Finance Charges	RP-14	503.00
340000000	Deposits Received	RP-34	14822.00
350000000	Other Liabilities	RP-36	338038.00
410000000	Fixed Assets	RP-38	81469.00
412000000	Capital work in Progress	RP-40	1618421.00
431000000	Sundry Debtors (Receivables)	RP-43	19899078.00
460000000	Loans, Advances and Deposits	RP-47	1403796.00
	Closing Balance		
Bank	Bank	RP-40(b)	27332800.01
Cash	Cash	RP-40(b)	0.0
	Grand Total		**103367936.01**

അനുബന്ധം -3-2

INCOME & EXPENDITURE STATEMENT

Kuthuparamba Block Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2024 to 31-March-2025			
Code.No.	Description of Items	Schedule No.	Amount
	INCOME		
130000000	Rental Income from Panchayat / Municipal Properties	I-3	804540.00
140000000	Fee & User Charges	I-4(b)	36897.00
150000000	Sale & Hire Charges	I-5(b)	606127.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	53624913.00
171000000	Interest Earned	I-8	98774.00
180000000	Other Income	I-9	326204.00
	Total Income		**55497455.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	4031489.00
220000000	Administrative Expenses	I-11(b)	2298638.00
230000000	Operations & Maintenance	I-12(b)	2526030.00
240000000	Interest & Finance Charges	I-13	503.00
250000000	Decentralised Plan Programme-Productive Sector/Programme Expenses	I-14	6810417.00
251000000	Decentralised Plan Programme-Service Sector	I-14(a)	20838564.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	11171016.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	55978.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	149033.00
255000000	Maintenance Projects	I-14(e)	5876311.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	700000.00

272000000	Depreciation	I-17(a)	6317733.00
	Total Expenditure		**60775712.00**
	Gross Surplus / Deficit of income over Expenditure		**-5278257.00**
280000000	Prior Period Item / Transfer to Reserve Funds(ILGMS)	I-18	-44871.00
	Net difference (Prior period Income - Prior period Expenditure)		**-5233386.00**
290000000	Transfer to Reserve Funds/Prior Period Item (ILGMS)	I-18(a)	0.0

അനുബന്ധം -3-3

BALANCE SHEET

Kuthuparamba Block Panchayat BALANCE SHEET			
As on 31-March-2025			
Code.No.	Description of Items	Schedule No.	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	9536915.00
311000000	Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	48429497.00
	Total Reserve & Surplus		**57966412.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	25597855.01
	Total Grants, Contributions for Specific Purposes		**25597855.01**
	Loans		
	Current Liabilities & Provisions		
340000000	Deposits Received	B-7	684707.00

350000000	Other Liabilities	B-9	303993.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**988700.00**
	TOTAL LIABILITIES		**84552967.01**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	62748239.00
411000000	Accumulated Depreciation	B-11	-27086331.00
412000000	Capital Work in Progress	B-11(a)	469823.00
	Total Fixed Assets		**36131731.00**
	Investments		
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	20007370.00
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	27332800.01
460000000	Loans, Advances and Deposits	B-18	1081066.00
	Total Current Assets, Loans and Advances		**48421236.01**
	Other Assets		

Miscellaneous Expenditure (To the Extent not written off)	
TOTAL ASSETS	**84552967.01**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ